(ബി) ഇതിനകം എത്ര മൈൽ ദൂരം പണി പൂർത്തിയായിട്ടുണ്ട്;

(സി) ഇതിനകം തോട്ടപണിക്ക് എത്ര രൂപാ ചിലവായി;

(ഡി) ഇപ്പോൾ പണി നടക്കുന്നുണ്ടോ;

(ഇ) തോടിന്റെ ആഴം കൂട്ടുന്നതിനു് ഡ്രഡ്ജർ വേല ആരംഭിച്ചതെന്നാണു്;

(എഫ്) തുടരെ ആ ജോലി നടന്നോ;

(ജി) നടന്നില്ലെങ്കിൽ അതിനു് കാരണം;

(എച്ച്) തോടിന്റെ പണി എന്നു പൂർത്തിയാകും?

ചീഫ് മിനിസ്റ്റർ (ശ്രീ. സി. കേശവൻ):

(എ) ഉവ്വ്.

(ബി) വെള്ളനിരപ്പുവരെ തോടിന്റെ മുഴുവൻ നീളമായ ൧൧ മൈൽ ൫,൫൫ ൦ അടിയും ഉവ്വ് താഴ്ത്തിയിട്ടുണ്ട്. ഡ്രഡ്ജർ ഉപയോഗിച്ചു് ആലപ്പുഴനിന്നും ഏകദേശം നാല് മൈൽ വടക്കോട്ടു് താഴ്ത്തിക്കഴിഞ്ഞു.

(സി) ൪,൧൧,൫ ൦൧ രൂപാ.

(ഡി) ഇല്ല.

(ഇ) ഉവ്വ് ൧൯൫൧ ഡിസംബർ മാസത്തിൽ.

(എഫ്) ഇല്ല. ഉവ്വ് ൫ ൦ നവംബർ മാസംവരെ മാത്രമേ ജോലി നടന്നുള്ളു.

(ജി) ഉവ്വ് ൫ ൦ നവംബർ മാസത്തിൽ ഡ്രഡ്ജറിനു കേടുപറ്റിയതിനാലും പിന്നീടു് എടത്വായ്ക്കു് കൊണ്ടുപോകേണ്ടിവന്നതിനാലും.

(എച്ച്) ഉടച്ചയായി പണി നടത്തുവാനുള്ള സൗകര്യങ്ങൾ ഉണ്ടാകുന്നപക്ഷം ഒന്നരക്കൊല്ലംകൊണ്ടു് തീരുമെന്നു് ഉദ്ദേശിക്കുന്നു.

Starred Question posted for Answer on 28th February 1951

കുഴൽകിണറുകൾ

*൧൨൧൯. (൯) ശ്രീ. കെ. രാമകൃഷ്ണപിള്ള: താഴെ പറയുന്ന ചോദ്യത്തിനു് ബഹുമാനപ്പെട്ട ആരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ.—

൧൯൫൭ ൦൧ൽ കുഴൽ കിണറുകൾ എത്തെല്ലാം താലൂക്കിൽ സ്ഥാപിച്ചിട്ടുണ്ടു്?

നിയമവും, ധനകാര്യവും, റവന്യൂവംവകുപ്പുമന്ത്രി (ശ്രീ. എ. ജെ. ജോൺ): കരനാഗപ്പള്ളി താലൂക്കിൽ ആലുങ്കടവു് എന്ന സ്ഥലത്തും കാർത്തികപ്പള്ളി താലൂക്കിൽ തെക്കെ കണ്ടലൂരിൽ കണ്ടൻപുരം എന്ന സ്ഥലത്തും കുഴൽ കിണറുകൾ സ്ഥാപിച്ചിട്ടുണ്ടു്. ഇതിൽ കണ്ടൻപുരത്തെ കുഴൽകിണറിന്റെ ജോലി പൂർത്തിയായില്ല.

Starred Questions posted for Answer on 1st March 1951

കൃഷിത്തോ

*൧൨൨൦. (൫൭) ശ്രീ. എ. എൽ. ജേക്കബ്: താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട കൃഷിവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ.—

(എ) ദേവികുളം താലൂക്കിലെ പള്ളിവാസൽ പകുതിയിലും പീരുമേടു് താലൂക്കിലെ ഉപ്പുതറ പ്രദേശങ്ങളിലും അടുത്ത കാലത്തു കുത്തകപാട്ടത്തിനു കൃഷിക്കായി ഭൂമി കൊടുത്തതിൽ ദരിദ്രന്മാരുടെ അപേക്ഷകളെ അവഗണിച്ചുകൊണ്ടു് മറ്റുള്ളവർക്കു കൊടുത്തു എന്നുള്ള ആക്ഷേപം കിട്ടിയിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഉണ്ടെങ്കിൽ എന്തു നടപടി നടത്തി?

നിയമവും, ധനകാര്യവും, റവന്യൂവും വകുപ്പുമന്ത്രി (ശ്രീ. എ. ജെ. ജോൺ):

(എ) ഇല്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

മദ്യനിരോധനം

*൧൯൨൨. (൫൨) ശ്രീ. പി. കെ. കുമാരൻ ഒച്ചാരി: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട എക്സൈസു വകുപ്പുമന്ത്രി സദയം മറുപടി പറയുമോ.—

(എ) ഈ സംസ്ഥാനത്തു മദ്യനിരോധനം നടപ്പിൽ വരുത്തിയതു് എതെല്ലാം താലൂക്കിലാണു്;

(ബി) ൧൯൫൦-ൽ മദ്യനിരോധനം സംബന്ധിച്ചു് എത്ര കേസ്സുകൾ ചാർജ്ജു ചെയ്തിട്ടുണ്ടു്;

(സി) അതിൽ എത്ര സർക്കാർ ജീവനക്കാർ ഉൾപ്പെട്ടിട്ടുണ്ടു്?

ചീഫ് മിനിസ്റ്റർ (ശ്രീ. സി. കേശവൻ):

(എ) തോവാള, അഗസ്തീശ്വരം, കൽക്കുളം, വിളവംകോടു്, നെയ്യാറ്റിൻകര, തിരുവനന്തപുരം, നെടുമങ്ങാടു്, ചിറയിൻകീഴു്, ചെങ്കോട്ട, പത്തനാപുരം, ചിറ്റൂർ, തലപ്പിള്ളി, കൊടുങ്ങല്ലൂർ.

(ബി) ൪ ൧൩.

(സി) ൧ ൧.

Starred Questions posted for Answer on 2nd March 1951

കൃഷിക്കു കൂടുതൽ സ്ഥലം

*൧൯൨൨. (൩) ശ്രീ. കെ. രാമകൃഷ്ണപിള്ള: താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട ചീഫ് മിനിസ്റ്റർ സദയം മറുപടി നൽകുമോ.—

(എ) ൧൯൫൦ ഏപ്രിലിനുശേഷം പുതിയതായി എത്ര ഏക്കർ സ്ഥലം കൃഷിക്കു നൽകിയിട്ടുണ്ടു്;

(ബി) കൃഷിക്കു നൽകിയ സ്ഥലങ്ങളിൽ കൃഷി ഇറക്കിയിട്ടുണ്ടോ;

(സി) അങ്ങനെ നൽകിയ സ്ഥലങ്ങളിൽ എതെല്ലാം ഭക്ഷ്യധാന്യങ്ങൾ കൃഷിചെയ്തു;

(ഡി) ആ ഇനത്തിൽ എത്ര ടൺ ഭക്ഷ്യധാന്യങ്ങൾ ഉണ്ടാക്കുവാൻ കഴിഞ്ഞിട്ടുണ്ടു്?

വിദ്യാഭ്യാസവും, തൊഴിലും, ഭക്ഷ്യവും വകുപ്പുമന്ത്രി (ശ്രീ. ടി. കെ. നാരായണപിള്ള):

(എ) ൭, ൪൩ ഏക്കർ.

(ബി) ഉണ്ടു്. ഉദ്ദേശം ൧,൩൭ ൦൦ ഏക്കറിൽ.

(സി) നെല്ലും മരച്ചീനി മുതലായ ഉപഭക്ഷ്യസാധനങ്ങളും.

(ഡി) ൭൩൦ ടൺ.

ആത്മഹത്യകൾ

*൧൯൨൩. (൫൪) ശ്രീ. കുഞ്ഞൻ അയ്യപ്പൻ: താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട ചീഫ്മിനിസ്റ്റർ സദയം മറുപടി നൽകുമോ.—

ഐക്യസംസ്ഥാന രൂപീകരണത്തിനുശേഷം തിരുവിതാംകൂർ വിഭാഗത്തിലും കൊച്ചി വിഭാഗത്തിലും എത്ര ആത്മഹത്യകൾ ഉണ്ടായിട്ടുണ്ടു്; അവ

LIBRARY ARCHIVES Kerala Legislative Assembly